**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2581** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ വിവിധയിനങ്ങളിലായി സംസ്ഥാനത്തിന് നൽകേണ്ട സാമ്പത്തിക വിഹിതം കുടിശ്ശിക ആയത് സംബന്ധിച്ച് കേന്ദ്ര ധനമന്ത്രി നടത്തിയ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ യാഥാർത്ഥ്യം വിശദമാക്കാമോ; | (എ) | വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് നൽകേണ്ട സാമ്പത്തിക വിഹിതത്തെപ്പറ്റി കേന്ദ്ര ധനമന്ത്രി നടത്തിയ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും വരുന്നത്. ഇതിനു പുറമെ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തിയതും ആയ കേന്ദ്ര സർക്കാരിന്റെ നടപടികൾ സംസ്ഥാനത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളി വിട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം തരാതെയും സംസ്ഥാനത്തെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുന്നു എന്നുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് നൽകേണ്ട സാമ്പത്തിക വിഹിതത്തെപ്പറ്റി കേന്ദ്ര ധനമന്ത്രി നടത്തിയ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 |

| | | | |
|---|---|---|---|
| | | | ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും വരുന്നത്. ഇതിനു പുറമെ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തിയതും ആയ കേന്ദ്ര സർക്കാരിന്റെ നടപടികൾ സംസ്ഥാനത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളി വിട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികൾക്കെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ധനവിഹിതത്തിലെ കുറവ് മൂലം പദ്ധതിനിർവ്വഹണം തടസപ്പെടാതിരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ എന്തൊക്കെ; | (സി) | നിയമപരമായും ഭരണഘടനാപരമായും അർഹമായ മുഴുവൻ അവകാശങ്ങളും സഹകരണ ഫെഡറലിസത്തിലൂന്നി നിന്നുകൊണ്ടുള്ള ശക്തമായ പ്രവർത്തനത്തിലൂടെ നേടിയെടുക്കാൻ സർക്കാർ പരിശ്രമിച്ചു വരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ന്യായം ലഭിക്കുന്നതുവരെ കാത്തിരിക്കാനല്ല, മറിച്ച് സംസ്ഥാനത്തിന്റെ സാധ്യതകളാകെ ഉപയോഗിച്ച് പൊതു-സ്വകാര്യ മൂലധന നിക്ഷേപം ശക്തിപ്പെടുത്തി, പദ്ധതികൾ അതിവേഗം നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്. |
| (ഡി) | സംസ്ഥാന നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2021-22-നെ അപേക്ഷിച്ച് 2022-23-ൽ 23.36 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. 2021-22-ൽ സംസ്ഥാന തനത് നികുതി വരുമാനം 58340.52 കോടി രൂപയും 2022-23-ൽ ഇത് 71968.16 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ